ടി.കെ.എം. ഇഖ്ബാൽ



# സയണിസത്തിനെതിരെ പൊരുതുന്ന ജൂതചരിത്രകാരൻ

**ഇസ്രയേലിന്റെ** വിമർശകരെ അടുത്തുനിന്ന് നിരീക്ഷിക്കുന്നവർക്ക് ഡോ. ഇലാൻ പാപ്പെ അപരിചിതനല്ല. ഹൈഫ സർവകലാശാലയിൽ രാഷ്ട്രമീമാംസ പഠിപ്പിക്കുന്ന പാപ്പെ അറിയപ്പെടുന്ന ജൂത ചരിത്രകാരനാണ്. ഇസ്രയേലിലെ ന്യൂ ഹിസ്റ്ററി പ്രസ്ഥാനത്തിന്റെ സ്ഥാപകൻ, ഇസ്രയേലിൽ ജനിച്ച് അവിടെ ജീവിച്ചുകൊണ്ട് സയണിസ്റ്റ് രാഷ്ട്രത്തിന്റെ അടിത്തറകളെ നിശിതമായി വിമർശനവിധേയമാക്കുന്ന ഒരേയൊരു ജൂത ബുദ്ധിജീവി. കഴിഞ്ഞ നാലു ദശകങ്ങളായി ഇസ്രയേലീഭീകരതക്കെതിരെ ഒറ്റയാൾ പോരാട്ടത്തിലാണ് ഈ മനുഷ്യസ്നേഹി.

പാപ്പെ ഈയിടെ ദോഹയിൽ വന്നു. ബി.ബി.സിയുടെ ഹാർഡ് ടോക്ക് എന്ന പരിപാടിയിലൂടെ പ്രശസ്തനായ ടിം സെബാസ്റ്റ്യൻ നയിക്കുന്ന ദോഹ ഡിബേറ്റ്സിൽ അതിഥിയായി എത്തിയതായിരുന്നു അദ്ദേഹം. ഖത്തർ ഫൗണ്ടേഷൻ മാസാന്തം സംഘടിപ്പിക്കുന്ന ഈ സംവാദ പരിപാടിയിൽ ലോകപ്രശസ്തരായ ബുദ്ധിജീവികളും രാഷ്ട്രമീമാംസകരും മിഡിലീസ്റ്റിലെ വിവാദ സാമൂഹിക, രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നു. ഇസ്രയേലിലെ പ്രശസ്തനായ ഒരു രാഷ്ട്രീയക്കാരനും സമാധാനപ്രക്രിയയുടെ ശക്തനായ വക്താവുമായ യോസി ബെലിൻ ആയിരുന്നു സംവാദത്തിൽ പാപ്പെയുടെ എതിരാളി. ഇരു ജൂതന്മാരെയും പിന്തുണച്ച് പാനലിൽ അറിയപ്പെടുന്ന രണ്ട് ഫലസ്ത്വീനികളും അണിനിരന്നു. ബിൽ ക്ലിന്റൻ മുതൽ ഷിമോൺ പെരസ് വരെ അതിഥികളായി എത്തിയ ദോഹ ഡിബേറ്റ്സിനെക്കുറിച്ച് ഏറെ പറയാനുണ്ട്. തൽക്കാലം പാപ്പെയിലേക്ക് മടങ്ങാം.

റിറ്റ്സ് കാൾട്ടൻ ഹോട്ടലിൽ പാപ്പെയെ കാണാൻ എത്തുമ്പോൾ സംഘാടകരുമായി മുറി അറബിയിൽ എന്തോ സംസാരിച്ചിരിക്കുകയായിരുന്നു അദ്ദേഹം. അറബി അറിയാമോ എന്നു ചോദിച്ചപ്പോൾ പഠിക്കാനുള്ള ശ്രമത്തിലാണ് എന്നായിരുന്നു മറുപടി.

സംസാരിച്ചു തുടങ്ങിയപ്പോൾ ഒരു ഇസ്രയേലീ ജൂതനാണ് മുന്നിലിരിക്കുന്നത് എന്നു തോന്നിയതേയില്ല. ആ മനസ്സ് നിറയെ മർദിതരായ ഫലസ്ത്വീൻ ജനതയോടുള്ള അനുഭാവവും ഇസ്രയേലീഭീകരതയോടുള്ള കടുത്ത അമർഷവുമായിരുന്നു.

താങ്കൾ എങ്ങനെ ഒരു സയണിസ്റ്റ് വിമർശകനായി എന്ന കൗതുകത്തോടെയുള്ള എന്റെ ചോദ്യത്തിന് വിശാലമായ പുഞ്ചിരിയായിരുന്നു മറുപടി. 1980-കളിൽ ഓക്സ്ഫോർഡ് സർവകലാശാലയിൽ ചരിത്രം പഠിക്കുന്ന കാലത്താണ് എന്റെ പരിണാമത്തിന്റെ തുടക്കം. അതുവരെ ഒരു ടിപ്പിക്കൽ ജൂതനായിരുന്നു ഞാൻ. 1948-ൽ ഇസ്രയേൽ രാഷ്ട്രത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച സംഭവങ്ങളെ ഞാൻ പുനർവിചിന്തനത്തിന് വിധേയമാക്കി. ഫലസ്ത്വീനികളുടെ ചെലവിൽ, അവരെ ബഹിഷ്കൃതരാക്കിക്കൊണ്ട് ഒരു ജൂതരാഷ്ട്രം സ്ഥാപിച്ച രീതിയോട് എനിക്ക് യോജിക്കാനായില്ല.

അതൊരു ചരിത്രപരമായ അബദ്ധം മാത്രമല്ല, ഒരു പാതകം തന്നെയായിരുന്നു. ഫലസ്ത്വീനിനുമേൽ ജൂതന്മാർക്കുള്ള അവകാശവാദം കുറേയായിരം വർഷങ്ങൾ പുറകോട്ടുപോകുന്നതാണ്. കാലങ്ങളായി അവിടെ ജീവിച്ചുവരുന്ന തദ്ദേശീയരായ ഫലസ്ത്വീൻ ജനതയെ നിഷ്കാസനം ചെയ്തുകൊണ്ട് ഒരു രാഷ്ട്രം സ്ഥാപിക്കാൻ അതൊരു സാധൂകരണമാണെന്ന് ഞാൻ കരുതുന്നില്ല.

ഇസ്രയേലിന്റെ സംസ്ഥാപനത്തിന് മുമ്പ് ഫലസ്ത്വീനിൽ ഒരു ശതമാനം ജൂതന്മാരേ ഉണ്ടായിരുന്നുള്ളൂ. അവശേഷിക്കുന്നവർ മുഴുവൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് കുടിയേറിയവരാണ്. ഫലസ്ത്വീൻ ജനതയിലെ മഹാഭൂരിപക്ഷത്തെയും അഭയാർഥികളാക്കിമാറ്റിയ ഈ കുടിയേറ്റം ഇപ്പോഴും അനവരതം തുടരുന്നു.

ജർമനിയിലെ നാസിഭീകരതയെ മുഖാമുഖം കണ്ട ഒരു ജൂത കുടുംബത്തിലാണ് 1954-ൽ പാപ്പെയുടെ ജനനം. ഇസ്രയേലിലെ ഹൈഫയിൽ ജർമൻകാരായ അദ്ദേഹത്തിന്റെ മാതാപിതാക്കൾ 1930-കളിൽ ഹിറ്റ്ലറുടെ ജൂതവേട്ടയിൽനിന്ന് രക്ഷപ്പെട്ട് ഫലസ്ത്വീനിൽ കുടിയേറിയവരാണ്. തന്റെ ബന്ധുക്കൾ പലരും ഹോളോകോസ്റ്റിന്റെ ബലിയാടുകളായിരുന്നുവെന്ന് പാപ്പെ അനുസ്മരിക്കുന്നു.

താങ്കളുടെ വീക്ഷണങ്ങളെ ഇസ്രയേൽ ജനത എങ്ങനെ കാണുന്നു?

ഹൈഫ സർവകലാശാലയിൽനിന്ന് എന്നെ പുറത്താക്കാനുള്ള ശ്രമങ്ങൾ ഉണ്ടായി. പുറത്തുനിന്നുള്ള സമ്മർദം കൊണ്ടുമാത്രമാണ് അതു നടക്കാതെ പോയത്. നിത്യവും ഫോണിലൂടെ വധഭീഷണിയുണ്ട്. എന്നാൽ എന്നെ ഒരു ഭീഷണിയായല്ല ഇസ്രയേൽ ജനത കാണുന്നത്. ഇസ്രയേൽ സമൂഹത്തിൽ ഞാൻ തീർത്തും അപ്രസക്തനാണെന്ന് അവർ കരുതുന്നു. അല്ലെങ്കിൽ, ഞാൻ സമനില തെറ്റിയവനാണെന്നും അറബികളിൽനിന്ന് പണം പറ്റി അവർക്കുവേണ്ടി പണിയെടുക്കുന്നവനാണെന്നും വിശ്വസിക്കുന്നവരുമുണ്ട്.

തന്റെ ഒറ്റയാൾ പോരാട്ടം ഇസ്രയേലിൽ തുടരുക പ്രയാസമാണെന്ന് പാപ്പെ പറയുന്നു. ജീവിതം എനിക്കും കുടുംബത്തിനും ദുസ്സഹമായിരിക്കുന്നു. അതിനാൽ ബ്രിട്ടനിലേക്ക് കൂടുമാറാൻ തയാറെടുക്കുകയാണ്. അവിടെ എക്സ്റ്റർ സർവകലാശാലയിൽ ചരിത്രവിഭാഗം തലവനായി അടുത്ത വർഷം പാപ്പെ ചാർജെടുത്തേക്കും.

ഫലസ്തീനികൾക്കെതിരെ ഇസ്രയേൽ ഇപ്പോൾ നടത്തുന്നത് വംശീയ ഉന്മൂലനം (ethnic cleansing) ആണെന്ന് പാപ്പെ തറപ്പിച്ചു പറയുന്നു. അദ്ദേഹത്തിന്റെ നിരവധി ഗ്രന്ഥങ്ങളിൽ ഒന്നിന്റെ പേരു തന്നെ The Ethnic Cleansing Of Palestine എന്നാണ്.

ഫലസ്തീൻ പ്രശ്നത്തിന്റെ പരിഹാരത്തെക്കുറിച്ച ചോദ്യത്തിന് പാപ്പെയുടെ മറുപടി കൗതുകകരമായിരുന്നു. രണ്ട് വ്യത്യസ്ത രാഷ്ട്രങ്ങൾക്ക് ഫലസ്തീനിൽ സമാധാനത്തോടെ സഹവർത്തിക്കാൻ സാധ്യമല്ലെന്ന് അദ്ദേഹം വിശ്വസിക്കുന്നു. മുസ്ലിംകൾക്കും ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും പങ്കാളിത്തമുള്ള ഒരൊറ്റ രാഷ്ട്രം മാത്രമാണ് പ്രശ്നത്തിന്റെ ശാശ്വത പരിഹാരം. ഇന്നത്തെ സാഹചര്യത്തിൽ ഇതൊരു ഉട്ടോപ്യ ആയി തോന്നാമെന്ന് അദ്ദേഹം സമ്മതിക്കുന്നു.

മുന്നൂറു വർഷത്തോളം നീണ്ടുനിന്ന അപ്പാർത്തീഡിന് അന്ത്യം കുറിച്ച് ദക്ഷിണാഫ്രിക്കയിലെ കറുത്തവർക്കും വെള്ളക്കാർക്കും ഒരൊറ്റ ഭരണകൂടത്തിനു കീഴിൽ സൗഹാർദത്തോടെ കഴിയാമെങ്കിൽ എന്തുകൊണ്ട് ഫലസ്തീനിലും അത് സംഭവിച്ചുകൂടാ? കറുത്തവരുടെ വിമോചനപ്പോരാട്ടത്തോടൊപ്പം അന്തർദേശീയ സമ്മർദം കൂടി ചേർന്നപ്പോഴാണ് അപ്പാർത്തീഡിന് അന്ത്യമായത്. ഫലസ്തീന്റെ കാര്യത്തിൽ ഈ ബാഹ്യസമ്മർദം ഉണ്ടാകുന്നില്ലെന്നതാണ് പ്രശ്നം- പാപ്പെ പറയുന്നു.

പ്രസിഡന്റ് ബുഷ് അമേരിക്കയിൽ അധികാരത്തിൽ വന്നശേഷം ഇസ്രയേൽ ഭരണകൂടത്തിന്റെ അഹന്ത അതിരുവിട്ടിരിക്കുകയാണെന്ന് പാപ്പെ നിരീക്ഷിക്കുന്നു. തങ്ങൾക്ക് എന്തുമാകാമെന്ന മട്ടിലാണ് കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഭരണകൂടത്തിന്റെ പെരുമാറ്റം. അമേരിക്കയുടെ ഇസ്രയേലീ പ്രേമത്തിന് മൂന്നു പ്രധാന കാരണങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്: മിഡിലീസ്റ്റിലെ അമേരിക്കയുടെ സൈനിക താൽപര്യങ്ങൾ, അമേരിക്കയിലെ ക്രിസ്ത്യൻ മൗലികവാദികളും ഇസ്രയേലീ സയണിസ്റ്റുകളും തമ്മിലുള്ള ബാന്ധവം, അമേരിക്കയിലെ ഇസ്രയേൽ അനുകൂല ലോബികളുടെ ശക്തമായ സ്വാധീനം.

അറബികളോട് ചങ്ങാത്തം കൂടുകയും ഇസ്രാഈലിനെ അന്ധമായി അനുകൂലിക്കുകയും ചെയ്യുന്ന നിലപാട് അമേരിക്കക്ക് അധികകാലം തുടരാനാവില്ല. അമേരിക്കൻ ഭരണതലങ്ങളിൽ തന്നെ പുനർവിചിന്തനത്തിന്റെ സൂചനകൾ കണ്ടുതുടങ്ങിയിട്ടുണ്ട്. മുൻ പ്രസിഡന്റ് ജിമ്മി കാർട്ടർ ഫലസ്തീൻ പ്രശ്നത്തെക്കുറിച്ച് ഈയിടെ പുറത്തിറക്കിയ പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നതുപോലെ ഇസ്രയേലിനേക്കാൾ അമേരിക്കക്ക് ആശ്രയിക്കാൻ കൊള്ളാവുന്നത് മിഡിലീസ്റ്റിലെ അറബ് ഭരണകൂടങ്ങളെയാണ്.

അമേരിക്കയിലെയും യൂറോപ്പിലെയും ജൂതന്മാർക്കിടയിൽ തന്നെ ഇസ്രയേലീ ഭീകരതക്കെതിരെ പ്രതിഷേധം രൂപപ്പെട്ടുവരികയാണെന്ന് പാപ്പെ ഓർമിപ്പിക്കുന്നു. അമേരിക്കയിൽ ജൂതന്മാരുടെ ഒരു പുതിയ സംഘടനയുണ്ട്. Not In My Name എന്നാണ് പേര്. പേരിന്റെ സൂചന എന്താണെന്നോ? ഇസ്രയേലീ ഭരണകൂടത്തിന്റെ അതിരുകവിയലുകൾ ദയവായി ഞങ്ങളുടെമേൽ ആരോപിക്കരുത്. ലോകത്തിലെ എല്ലാ ജൂതന്മാരും സയണിസ്റ്റ് ഭീകരതക്ക് ഉത്തരവാദികളല്ല എന്നാണ് ഇതിലൂടെ അവർ വ്യക്തമാക്കാൻ ശ്രമിക്കുന്നത്.

എന്തുകൊണ്ടാണ് പടിഞ്ഞാറ് ഇത്ര ശക്തമായി ഇസ്രയേലിനെ പിന്തുണക്കുന്നത് എന്ന ചോദ്യത്തിന് പാപ്പെയുടെ മറുപടി ഇങ്ങനെയായിരുന്നു: കുറ്റബോധം കൊണ്ട്. ഹോളോകോസ്റ്റും നാസി ഭീകരതയും ജർമനിയുടെ മാത്രം പ്രശ്നമായിരുന്നില്ല. അത് യൂറോപ്യൻ ചരിത്രത്തിലെ ഒരു കറുത്ത അധ്യായമായിരുന്നു. ജൂതന്മാരെ ഫലസ്തീനിൽ കുടിയിരുത്തുന്നതോടെ ആ അധ്യായം എന്നെന്നേക്കുമായി അടച്ചുവെക്കാമെന്നായിരുന്നു യൂറോപ്പ് കരുതിയത്. ഹോളോകോസ്റ്റിനെക്കുറിച്ച ചർച്ച പോലും പാശ്ചാത്യലോകം വെറുക്കുന്നത് അതുകൊണ്ടാണ്. പണ്ടോറയുടെ ആ പെട്ടി തുറക്കാൻ അവർക്ക് ഒട്ടും താൽപര്യമില്ല. പക്ഷേ തങ്ങൾ കരുതിയതിനേക്കാൾ വളരെയേറെ സങ്കീർണമാണ് ഫലസ്തീൻ പ്രശ്നമെന്ന് ഇപ്പോഴവർ തിരിച്ചറിയുന്നു.

ഹമാസിനെക്കുറിച്ച് പാപ്പെയുടെ നിലപാടറിയാൻ ഞാൻ ഉത്സുകനായി.

ഇസ്രയേലി അധിനിവേശത്തിനെതിരായ ഹമാസിന്റെ പോരാട്ടത്തെ ഞാൻ പിന്തുണക്കുന്നു. പക്ഷേ അവരുടെ പൊളിറ്റിക്കൽ ഫിലോസഫിയോട് എനിക്ക് വിയോജിപ്പുണ്ട്. മതവും രാഷ്ട്രവും വേറിട്ടുനിൽക്കണമെന്നാണ് എന്റെ നിലപാട്.

ഇസ്രയേലിലെ ജനാധിപത്യ സംവിധാനത്തെക്കുറിച്ചും പാപ്പെയുടെ അഭിപ്രായം ശ്രദ്ധേയമാണ്. ഇസ്രയേലിലെ ജനാധിപത്യം ജൂതന്മാർക്ക് മാത്രമുള്ളതാണ്. മറ്റു ജനസമുദായങ്ങൾക്ക് അവിടെ സ്ഥാനമില്ല. അധിനിവേശം തുടർന്നുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രത്തെ ജനാധിപത്യരാഷ്ട്രം എന്നു വിളിക്കുന്നതെങ്ങനെ? ■